CS (MAIN) Exam:2016

M-ESC-U-MLY

# മലയാളം / MALAYALAM

## പേപ്പർ I / Paper I

## (സാഹിത്യം) / ( LITERATURE )

സമയം : **മൂന്ന്** മണിക്കൂർ
*Time Allowed* : **Three** *Hours*

പരമാവധി മാർക്ക് : **250**
*Maximum Marks* : **250**

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ്.

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്. ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ**ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*There are* **EIGHT** *questions divided in* **TWO SECTIONS**.

*Candidate has to attempt* **FIVE** *questions in all.*

*Questions no.* **1** *and* **5** *are compulsory and out of the remaining, any* **THREE** *are to be attempted choosing at least* **ONE** *from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in* **MALAYALAM**.

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

## SECTION A

**Q1. താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും നൂറ്റമ്പതു വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക :** *10×5=50*

(a) മൂലദ്രാവിഡത്തിൽ നിന്നു് നേരിട്ടു പിരിഞ്ഞു വന്നതാണു് മലയാള ഭാഷ എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു് . അവരുടെ വാദങ്ങളുടെ സ്വീകാര്യത പരിശോധിക്കുക. *10*

(b) മാപ്പിളപ്പാട്ടിലെ ഭാഷയുടെ പ്രത്യേകതകൾ വിവരിക്കുക. *10*

(c) കൃഷ്ണഗാഥയിലെ ഭാഷയുടെ സ്വഭാവം വ്യക്തമാക്കുക. ആ ഭാഷ അക്കാലത്തെ മറ്റു കാവ്യങ്ങളിൽനിന്നും വ്യത്യസ്തമാവുന്നതു് എങ്ങനെ ? *10*

(d) മലയാള ഭാഷയുടെ അടിത്തറ ഉറപ്പിക്കുന്നതിൽ കിളിപ്പാട്ടു കൃതികൾ വഹിച്ച പങ്ക് എന്തെന്നു് വിമർശനബുദ്ധിയോടെ പരിശോധിക്കുക. *10*

(e) മലയാളം തമിഴിൽനിന്നും ഉടലെടുത്തെന്ന വാദത്തിന്റെ തെളിവുകളായി എ.ആർ. രാജരാജവർമ്മ നിരത്തുന്ന ആറു നയങ്ങൾ എന്തൊക്കെയാണു് ? ആ തെളിവുകൾ പര്യാപ്തമാണോ ? *10*

**Q2. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :**

(a) രാമചരിതത്തിൽ നിന്നു് കണ്ണശ്ശകൃതികളിലേയ്ക്കു് വരുമ്പോൾ അവയുടെ ഭാഷയ്ക്കു് വരുന്ന മാറ്റങ്ങൾ വിശദമാക്കുക. *20*

(b) 'മണിപ്രവാളം' എന്നാലെന്തു് ? ഏതെങ്കിലും ഒരു മണിപ്രവാളകൃതിയെ ആസ്പദമാക്കി അതിന്റെ ഭാഷാപരമായ പ്രത്യേകതകൾ വിശദീകരിക്കുക. *20*

(c) മലയാള ഗദ്യത്തിന്റെ വളർച്ചയുടെ ഒരു സുപ്രധാനഘട്ടത്തെയാണു് 'ഭാഷാകൗടലീയം' പ്രതിനിധീകരിക്കുന്നതു്. ചർച്ചചെയ്യുക. *10*

**Q3. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :**

(a) പൂന്താനം കവിതയുടെ ഹൃദയാവർജ്ജകത്വത്തിന് അതിന്റെ ഭാഷ പ്രധാന പങ്കു വഹിച്ചിട്ടുണ്ട് . 'ജ്ഞാനപ്പാനയെ' അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *20*

(b) മലയാള ഗദ്യത്തിന്റെ വളർച്ചയിൽ ക്രൈസ്തവ മിഷനറിമാർ വഹിച്ച പങ്ക് ചർച്ചചെയ്യുക. *20*

(c) സമകാലീന മാധ്യമങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന ഭാഷാരീതി മലയാള ഭാഷയുടെ തനിമയെ വികലമാക്കുന്നുണ്ടോയെന്നു് പരിശോധിക്കുക. *10*

**Q4. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :**

(a) കുഞ്ചൻനമ്പ്യാർ തന്റെ തുള്ളൽ കൃതികൾക്കു് വേണ്ടി ഉപയോഗിച്ച ഭാഷ ജനകീയ ദൃശ്യകലാരൂപത്തിനു് ഇണങ്ങുന്നതായിരുന്നു. എങ്ങനെ ? *20*

(b) മലയാളം ഭരണഭാഷയായി മാറുമ്പോൾ ഭാഷാപരമായി ഉണ്ടാകേണ്ട തയ്യാറെടുപ്പുകൾ എന്തൊക്കെയാണെന്നു് വിശദീകരിക്കുക. *20*

(c) ഡോ. ഹെർമ്മൻ ഗുണ്ടർട്ട് മലയാള ഭാഷയ്ക്കു് നൽകിയ സംഭാവനകൾ വിശദീകരിക്കുക. *10*

## SECTION B

**Q5. താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും നൂറ്റമ്പതു വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക :** *10×5=50*

(a) വടക്കൻ പാട്ടുകളുടെ സാഹിത്യപരമായ സവിശേഷതകളും സാംസ്കാരിക-ചരിത്ര പശ്ചാത്തലവും കണ്ടെത്തുക. *10*

(b) ഭാഷാ സാംസ്കാരിക രംഗങ്ങളിൽ നിരണം കവികൾ തുടങ്ങിവച്ച പരിഷ്കരണം പൂർണ്ണതയിൽ എത്തുന്നതു് എഴുത്തച്ഛനിലാണു് . ചർച്ചചെയ്യുക. *10*

(c) മലയാളത്തിലെ പ്രമുഖമായ മഹാകാവ്യങ്ങൾ ഏവ ? അവ ഏതെല്ലാം കാവ്യപ്രവണതകളെയാണു് പ്രതിനിധാനം ചെയ്യുന്നത് ? *10*

(d) ചങ്ങമ്പുഴയുടെ 'വാഴക്കുല'യെന്ന കവിതയെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ കവിതകളുടെ സ്വഭാവ സവിശേഷതകൾ വിലയിരുത്തുക. *10*

(e) മലയാള കവിതയുടെ വളർച്ചയിൽ ചമ്പുക്കൾ വഹിച്ച പങ്കിനെക്കുറിച്ച് വിവരിക്കുക. *10*

**Q6. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :**

(a) മലയാളികളുടെയിടയിൽ ദേശീയബോധം വളർത്താനുതകുന്ന കവിതകൾ രചിച്ചു പ്രശസ്തിനേടിയ വള്ളത്തോൾ നാരായണ മേനോന്റെ കൃതികളെക്കുറിച്ചു ചർച്ചചെയ്യുക. *20*

(b) തകഴിയും കേശവദേവും ബഷീറും മലയാള നോവൽ സാഹിത്യത്തിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കുക. *20*

(c) മലയാള നോവൽ സാഹിത്യ ചരിത്രത്തിൽ സി.വി. രാമൻപിള്ളയുടെ ചരിത്രനോവലുകൾക്കുള്ള സ്ഥാനം അടയാളപ്പെടുത്തുക. *10*

**Q7.** **(a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :**

(a) 'ഇന്ദുലേഖയും' 'നാലുകെട്ടും' വ്യത്യസ്തകാലങ്ങളിൽ രചിക്കപ്പെട്ടവയാണെങ്കിലും അവയിലെ സാമൂഹ്യ ജീവിത പ്രതിപാദനത്തിന് സമാനതകളുണ്ടു്. ഈ പ്രസ്താവനയുടെ സാധുത്വം വിമർശനബുദ്ധ്യാ പരിശോധിക്കുക. *20*

(b) കാരൂർ നീലകണ്ഠപ്പിള്ളയുടെ ചെറുകഥകളുടെ പ്രത്യേകതകൾ കണ്ടെത്തുക. *20*

(c) സി.ജെ. തോമസ്സിന്റെ "അവൻ വീണ്ടും വരുന്നു" എന്ന നാടകത്തിന്റെ സവിശേഷതകൾ ഏവ ? *10*

**Q8.** **(a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :**

(a) രാജലക്ഷ്മിയും മാധവിക്കുട്ടിയും സാറാ ജോസഫും തങ്ങളുടെ കൃതികളിലൂടെ സ്ത്രീപക്ഷ ചിന്തകൾക്കു നൽകിയ സംഭാവനകൾ വിലയിരുത്തുക. *20*

(b) ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' മലയാളിയുടെ നോവൽ സങ്കല്പത്തിൽ ഒരു വഴിത്തിരിവായിരുന്നു. ചർച്ചചെയ്യുക. *20*

(c) എസ്.കെ. പൊറ്റെക്കാടു് മലയാളത്തിലെ ഏറ്റവും മികച്ച സഞ്ചാര സാഹിത്യകാരനാണു്. എങ്ങനെ ? *10*